# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 677 — 4.2.2020 -ൽ മറുപടിയ്ക്ക്

### കേരള ടൂറിസത്തിന്റെ പ്രചാരണം

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | 2019 -ലെ പ്രളയം മൂലം കേരള ടൂറിസത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | എ) | വരുമാന നഷ്ടം സംഭവിച്ചിട്ടില്ല. 2019 സെപ്റ്റംബർ വരെയുള്ള സ്ഥിതിവിവരകണക്കുകളാണ് ഇതുവരെ അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ പരിശോധിക്കുമ്പോൾ 2019 ലെ പ്രളയം സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയുടെ വരുമാനത്തെ ബാധിച്ചിട്ടില്ല എന്നാണ് കാണുന്നത്. പ്രസ്തുത കണക്കുകൾ പ്രകാരം 2019 കലണ്ടർ വർഷം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻ വർഷത്തെഇതേ കാലയളവിനെ അപേക്ഷിച്ച് 16.48% വർദ്ധനവും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 4.84% വർദ്ധനവും രേഖപ്പെടുത്തിയിട്ടുണ്ട്. |
| ബി) | 2019 വർഷത്തിൽ കേരളത്തിലെ ഓരോ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളും സന്ദർശിച്ച ആഭ്യന്തര ടൂറിസ്റ്റുകളുടെയും,വിദേശ ടൂറിസ്റ്റുകളുടെയും എണ്ണം അറിയിക്കാമോ; | ബി) | 2019 സെപ്റ്റംബർ വരെയുള്ള ജില്ലതിരിച്ചുള്ള സ്ഥിതിവിവരകണക്കുകൾ ആണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |
| സി) | കേരള ടൂറിസത്തിന്റെ പ്രചാരണത്തിന് വേണ്ടി ഇന്ത്യയ്ക്കകത്തും പുറത്തും ചെയ്തുവരുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ; | സി) | സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിൽ പങ്കാളിത്തം<br>• ദേശീയ അന്തർദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ<br>• ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര |

| | | | |
|---|---|---|---|
| | | | മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുത്ത മാധ്യമപ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്ന ഫാം ടൂർ സംഘടിപ്പിക്കൽ.<br>• അച്ചടി, ടെലിവിഷൻ, റേഡിയോ എന്നീ മാധ്യമങ്ങൾ വഴിയുള്ള പ്രചരണം<br>• ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്<br>• സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും സംഘടിപ്പിക്കൽ<br>• ബ്ലോഗ് എക്സ്പ്രസ്സ് എന്ന പദ്ധതി<br>• Human by nature എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ<br>• MICE ടൂറിസം, വെഡ്ഡിംഗ് ടൂറിസം, മൺസൂൺ ടൂറിസം എന്നിവയുടെ പ്രചാരണം. |
| ഡി) | കേരളാ ടൂറിസത്തിന്റെ പ്രചാരണത്തിന് വേണ്ടി ഈ സർക്കാരിന്റെ കാലത്ത് വിദേശയാത്ര നടത്തിയ മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ, ചെലവ് എന്നിവ അറിയിക്കാമോ? | ഡി) | ഈ സർക്കാരിന്റെ കാലത്ത് വിനോദസഞ്ചാര വകുപ്പ് മന്ത്രിയും താഴെ ചേർക്കുന്ന ഉദ്യോഗസ്ഥരും കേരള ടൂറിസത്തിന്റെ പ്രചാരണത്തിന് വേണ്ടി വിദേശയാത്ര നടത്തിയിട്ടുണ്ട്.<br>• ശ്രീ. വേണു.വി. ഐ.എ.എസ്, വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി<br>• ശ്രീമതി. റാണി ജോർജ്ജ് ഐ.എ.എസ്, വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി<br>• ശ്രീ. യു.വി.ജോസ് ഐ.എ.എസ്, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ<br>• ശ്രീ. പി. ബാലകിരൺ ഐ.എ.എസ്, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ<br>• ശ്രീ.എം.ബാലമുരളി ഐ.എ.എസ്, വിനോദസഞ്ചാര വകുപ്പ് അഡീഷണൽ ഡയറക്ടർ (ജനറൽ)<br>• ശ്രീ. ജാഫർ മാലിക് ഐ.എ.എസ്, |

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാര വകുപ്പ് അഡീഷണൽ ഡയറക്ടർ (ജനറൽ)<br>• ശ്രീ. അനിൽ വി.എസ്, വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ<br>• ശ്രീ.ബിജു.ബി.എസ് വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ<br>• ശ്രീ.രാഹുൽ.ആർ, ഐ.ആർ.എസ് കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ<br><br>ഈ ഇനത്തിൽ ആകെ ചെലവായ തുക - 1,06,12,633/- രൂപ |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

2019 സെപ്റ്റംബർ മാസം വരെ കേരളം സന്ദർശിച്ച ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണം

| നം | ജില്ല | വിദേശ വിനോദ സഞ്ചാരികൾ | ആഭ്യന്തര വിനോദ സഞ്ചാരികൾ |
|---|---|---|---|
| 1 | ആലപ്പുഴ | 85508 | 489045 |
| 2 | എറണാകുളം | 368437 | 2879998 |
| 3 | ഇടുക്കി | 52123 | 1209957 |
| 4 | കണ്ണൂർ | 4544 | 687845 |
| 5 | കാസർഗോഡ് | 4157 | 224781 |
| 6 | കൊല്ലം | 9257 | 333115 |
| 7 | കോട്ടയം | 40638 | 432602 |
| 8 | കോഴിക്കോട് | 16685 | 980784 |
| 9 | മലപ്പുറം | 18006 | 494200 |
| 10 | പാലക്കാട് | 1612 | 415320 |
| 11 | പത്തനംതിട്ട | 1502 | 151507 |
| 12 | തിരുവനന്തപുരം | 197884 | 2174665 |
| 13 | തൃശ്ശൂർ | 11070 | 1898079 |
| 14 | വയനാട് | 8552 | 812329 |
| | കേരളം | 819975 | 13184227 |
| | 2018-ലെ കണക്ക് | 782118 | 11318850 |
| | മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് (%) | 4.84 | 16.48 |

(signature)

സെക്ഷൻ ഓഫീസർ